ഉത്തരം

(എ-സി) പ്ലസ് ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1-2-2015 മുതൽ കെ.എസ്.ആർ.ടി.സി. ബസുകളിൽ സർക്കാർ ഉത്തരവ് പ്രകാരം സൗജന്യ യാത്ര അനുവദിച്ചുവരികയാണ്.

കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രാസൗജന്യം

225 (4560) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാസൗജന്യം അനുവദിച്ച 31-1-2015-ലെ ഉത്തരവ് തിരുത്താനിടയാക്കിയ സാഹചര്യം വിശദമാക്കുമോ ; എന്തൊക്കെ പിശകാണ് പ്രസ്തുത ഉത്തരവിലുണ്ടായിരുന്നത് ; തിരുത്തിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ ഉത്തരവുപ്രകാരം 12-ാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും യാത്രാസൗജന്യം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-1-2015-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യനിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് 1-2-2015 മുതൽ പൂർണ്ണമായും സൗജന്യയാത്ര അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അടുത്ത അദ്ധ്യയന വർഷാരംഭത്തിൽ അതായത് 2015-16-ൽ പുതുതായി പ്ലസ് ടു തലം വരെ അഡ്മിഷൻ നേടിയവർക്ക് 31-1-2015-ലെ ഉത്തരവ് പ്രകാരം കൺസഷൻ അനുവദിക്കാൻ കഴിയുകയില്ലെന്നും. കൂടാതെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഇത്തരം വിദ്യാർത്ഥികൾക്ക് പൂർണ്ണ സൗജന്യ യാത്ര അനുവദിച്ചിരിക്കുന്നത് പ്രതിദിന വരുമാനത്തെ ബാധിച്ചിട്ടുണ്ടെന്നും അതിനാൽ ഇക്കാര്യത്തിൽ പുതുക്കിയ ഉത്തരവുണ്ടാകണമെന്നും കെ.എസ്.ആർ.ടി.സി.-യുടെ സി.എം.ഡി. ആവശ്യപ്പെട്ടിരുന്നു. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ പൂർണ്ണമായും സൗജന്യയാത്ര എന്ന ആനുകൂല്യം അനുവദിക്കുന്നതിന് ചില നിയന്ത്രണങ്ങൾ ആവശ്യമാണെന്ന് കണ്ടതിനെ തുടർന്ന് ഇതു സംബന്ധിച്ച് പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് ഗതാഗത സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണർ, കെ.എസ്.ആർ.ടി.സി.-യുടെ സി.എം.ഡി. എന്നിവരുടെ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും കഴിഞ്ഞ വർഷം സൗജന്യയാത്ര അനുവദിച്ചതുപോലെ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യ യാത്ര അനുവദിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് 9-6-2015-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ഈ ഉത്തരവിൽ അക്കാര്യം വ്യക്തമാകാതെ വരികയുണ്ടായി. അത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ഉത്തരവിൽ ഭേദഗതി വരുത്തി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ നിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ് ടു തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും പൂർണ്ണമായും സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് 10-6-2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇപ്പോൾ പ്ലസ് ടു തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി. സൗജന്യ യാത്ര അനുവദിച്ചുവരുന്നുണ്ട്.

കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി.

226 (4561) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി. എന്നിവയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് കെ.യു.ആർ.ടി.സി. മുഖാന്തരം സർവ്വീസ് നടത്തുന്ന എത്ര ബസ്സുകളുണ്ട് ; എത്ര ഡ്രൈവർ, കണ്ടക്ടർ തസ്തികകൾ ഉണ്ട് ; പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന രീതി വിശദമാക്കാമോ ;

(സി) അനുവദിച്ച ബസ്സുകളിൽ എത്ര എണ്ണം ഇനി നിരത്തിലിറങ്ങാനുണ്ട് ; പുതിയതായി എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ട് ;

(ഡി) 2017 മാർച്ച് അവസാനം വരെ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടാകാനുള്ള ഡ്രൈവർ, കണ്ടക്ടർ തസ്തികകളുടെ നിലവിലെ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 439 ബസ്സുകൾ (320 എണ്ണം ഒന്നാംഘട്ടം ജൻറം പദ്ധതി പ്രകാരം ലഭിച്ചതും 119 എണ്ണം രണ്ടാം ഘട്ട പ്രകാരം ലഭിച്ചതും) കെ.യു.ആർ.ടി.സി. മുഖേന സർവ്വീസ് നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാരെ ഉപയോഗിച്ചു കൊണ്ടാണ് സർവ്വീസ് നടത്തുന്നത്. കെ.യു.ആർ.ടി.സി.-യിൽ പ്രത്യേകം നിയമനം നടത്തുന്നില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly